പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 185

05.11.2019 - ൽ മറുപടിക്ക്.

## ഉജ്ജീവനി പദ്ധതി

ചോദ്യം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ
പ്രൊഫ. കെ. യു. അരുണൻ
ശ്രീ. കാരാട്ട് റസാഖ്
ശ്രീ. പി. കെ. ശശി

മറുപടി

ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) കഴിഞ്ഞ വർഷത്തെ പ്രളയത്തിൽ തകർന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(എ) : കഴിഞ്ഞ വർഷത്തെ പ്രളയക്കെടുതിയിൽ തകർന്ന വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) വ്യവസായ വാണിജ്യ കേന്ദ്രം നടപ്പാക്കി വരുന്ന ഉജ്ജീവനി പദ്ധതിയുടെ വിശദാംശം നൽകാമോ ; എത്രപേർക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയെന്നതിന്റെ കണക്ക് ലഭ്യമാണോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ബി) : 17/12/2018-ലെ സ.ഉ.(കൈ) 27/2018/DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയക്കെടുതിയിൽ നഷ്ടം സംഭവിച്ച സംരംഭകർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ ഉജ്ജീവന സഹായ പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ കണ്ടെത്തിയ ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവയുടെ ഉടമസ്ഥർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

**അർഹത**

1. Term loan & Working Capital Loan : 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.

2. Working Capital Loan ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താത്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപ വരെ മാത്രം മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കർ ബാങ്കുകൾക്ക് നൽകുന്നതാണ്. ടി സർക്കാർ ഉത്തരവിന് മുൻപായി 2018-ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള മേൽ വിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്.

ഈ പദ്ധതി പ്രകാരം 28/10/2019-ലെ കണക്കു പ്രകാരം വിവിധ ജില്ലകളിലായി 1563 വ്യവസായ യൂണിറ്റുകൾക്ക് 112.95 കോടി രൂപയുടെ വായ്പ ബാങ്കുകളിൽ നിന്ന് ലഭ്യമാക്കിയിട്ടുണ്ട്. (MSMEs – 617 എണ്ണം- 62.55 കോടി രൂപ, ഷോപ്പ് (946 എണ്ണം)-50.40 കോടി രൂപ)

(സി) പ്രളയ പുനരുദ്ധാരണം, പ്രളയ പുനർനിർമ്മാണം, പുനർജ്ജനി എന്നീ പദ്ധതികളുടെ വിശദാംശവും പ്രസ്തുത പദ്ധതികൾ വഴി കൈവരിച്ച നേട്ടവും അറിയിക്കാമോ?

(സി) : **<u>1.പ്രളയാനന്തര പുനരുദ്ധാരണ പദ്ധതി</u>**

പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി രണ്ടു ഘട്ടങ്ങളിലായി സ്റ്റാർട്ട് അപ്പ് സഹായവും നിക്ഷേപ സഹായവും നൽകുന്നതിന് ടി പദ്ധതി ലക്ഷ്യമിടുന്നു. സംരംഭങ്ങളുടെ പുനർനിർമ്മാണ ത്തിന്റെ ഭാഗമായി മൊത്തം സ്ഥിര മൂലധന നിക്ഷേപത്തിന്റെ (റ്റി.എഫ്.സി.ഐ)

15 ശതമാനം മുതൽ 40 ശതമാനം വരെ സഹായം നൽകും. ഇത് പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷം രൂപ വരെയും പ്രത്യേക വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് 30 ലക്ഷം രൂപ വരെയും പരിമിതപ്പെടുത്തിയിട്ടുണ്ട്.

ആകെ സ്ഥിരമൂലധന നിക്ഷേപത്തിൽ മരാമത്തു ജോലികൾ, പ്ലാന്റും മെഷീനറികളും ഉപകരണങ്ങൾ എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. ഈ പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി 37 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അർഹതപ്പെട്ട തുകകൾ അനുവദിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**2.പ്രളയാനന്തര പുനർനിർമ്മാണ പദ്ധതി**

പ്രളയ ദുരന്തത്തിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം നൽകുന്ന പദ്ധതി.

ബാങ്കുകളിൽനിന്നും 8% പലിശയിളവിൽ ടേം ലോൺ പ്രവർത്തന മൂലധനവായ്പ വർഷാടിസ്ഥാനത്തിൽ പ്രളയകെടുതിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക മേഖലയിലെ നിർമ്മാണ സേവന വിഭാഗങ്ങൾക്ക് സഹായധനമായി ലഭ്യമാക്കുവാനാണ് ടി പദ്ധതി ലക്ഷ്യമിടുന്നത്. യൂണിറ്റുകൾക്ക് അർഹമായ പരമാവധി തുക പ്രതിവർഷം 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തുകയും ബാങ്കുകൾ യൂണിറ്റുകളുടെ പ്രവർത്തനവും ലാഭക്ഷമതയും കണക്കാക്കി സഹായം 3 വർഷം വരെ നൽകാവുന്നതുമാണ്. ഈ സഹായം സൂക്ഷ്മ-ചെറുകിട-ഇടത്തരം നിർമ്മാണ സേവന സംരംഭങ്ങൾക്ക് മാത്രമായി

ഈ പദ്ധതി പ്രകാരം വിവിധ

ജില്ലകളിലായി 44 അപേക്ഷകളിൽ ഒരു അപേക്ഷയിൽ 32000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകൾ പരിശോധിച്ച് അർഹതപ്പെട്ട തുക അനുവദിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**3. പുനർജ്ജനി പദ്ധതി**

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ പുനർജനി എന്ന പേരിൽ പ്രത്യക വായ്പ പദ്ധതി നടപ്പാക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം പ്രളയത്തിൽ നാശനഷ്ടങ്ങൾ നേരിട്ട വ്യവസായ സ്ഥാപനങ്ങളുടെ അപേക്ഷ പരിഗണിച്ച് 20 ലക്ഷം രൂപ മുതൽ 300 ലക്ഷം രൂപ വരെ 9% പലിശ നിരക്കിൽ ഹ്രസ്വകാല വായ്പ അനുവദിക്കുന്നതിനുള്ള തീരുമാനം കൈകൊണ്ടു. കോർപ്പറേഷനിൽ നിന്നും വായ്പ സ്വീകരിക്കുകയും പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തിട്ടുള്ള കമ്പനികൾക്ക് വായ്പ തിരിച്ചടവിനു ഒരു വർഷം വരെ അവധി നൽകുകയും ഒരു വർഷത്തെ പിഴപ്പലിശ (2%) ഒഴിവാക്കി നൽകുകയും വ്യവസായികളുടെ അപേക്ഷ പരിഗണിച്ച് വായ്പ തിരിച്ചടവ് പുന:ക്രമീകരിച്ചു കൊടുക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ.

## അനുബന്ധം

2018 ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച MSME യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട നാശനഷ്ടം കണക്കാക്കുന്നതിലേക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ .യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 5355 MSME യൂണിറ്റുകൾക്ക് ഏകദേശം 1415.57 കോടി രൂപയുടേയും 16061 ഷോപ്പുകൾക്ക് 624.90 കോടി രൂപയുടെയും നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

17/12/2018-ലെ സ.ഉ.(കൈ) 27/2018/DMD ഉത്തരവ് പ്രകാരം 2018-ലെ പ്രളയക്കെടുതിയിൽ നഷ്ടം സംഭവിച്ച സംരംഭകർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ ഉജ്ജീവന സഹായ പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചെന്ന് വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ കണ്ടെത്തിയ ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവയുടെ ഉടമസ്ഥർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

**അർഹത**

1. Term loan & Working Capital Loan : 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്.
2. Working Capital Loan ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താത്പര്യം അനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപ വരെ മാത്രം മാർജിൻ മണിയ്ക്ക് പകരം ഒരു വർഷത്തേയ്ക്ക് 9% നിരക്കിൽ താങ്ങ് പലിശ സർക്കർ ബാങ്കുകൾക്ക് നൽകുന്നതാണ്. ടി സർക്കാർ ഉത്തരവിന് മുൻപായി 2018-ലെ പ്രളയത്തിലെ നഷ്ടത്തിന് പുനരാരംഭ വായ്പ എടുത്തിട്ടുള്ള മേൽ വിവരിച്ച സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവർക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്.

**ഉജ്ജീവന പദ്ധതി**

1. സർക്കാർ പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതി പ്രകാരമുള്ള ആനുകൂല്യം വ്യവസായ വകുപ്പിന്റെ സർവ്വേയിൽ ഉൾപ്പെട്ട വ്യവസായ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർ നടപടി സ്വീകരിക്കുകയും അർഹരായവരുടെ അപേക്ഷകൾ ബാങ്കുകൾക്ക് ശുപാർശ ചെയ്യുകയും ചെയ്യുവരുന്നു.

2. സർവ്വേയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് അതാത് ലീഡ് ബാങ്ക് മാനേജർ മുഖാന്തിരം ജില്ലാതല ബാങ്കേഴ്സ് സമിതിയ്ക്ക് നൽകുന്നതിന് ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. പ്രളയബാധിത ജില്ലകളിലെ ലീഡ് ബാങ്ക് മാനേജർ, വ്യപാരി വ്യവസായ പ്രതിനിധികൾ KSSIA, പ്രളയബാധിത യൂണിറ്റുകളുടെ പ്രതിനിധികൾ എന്നിവരുടെ ഒന്നിലധികം യോഗങ്ങൾ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ അദ്ധ്യക്ഷതയിൽ ചേരുകയും ഉജ്ജീവന പദ്ധതി വിശദീകരിക്കുകയും അർഹരായുള്ള യൂണിറ്റുകളുടെ/സ്ഥാപനങ്ങളുടെ അപേക്ഷകൾ ബാങ്കുകളിലേക്ക് സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

4. **2019-20-ൽ** നടപ്പിലാക്കി വരുന്ന വ്യവസായ വകുപ്പിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ :

(i). പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയപുനരുദ്ധാരണ പദ്ധതി).

(ii). പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയപുനർനിർമ്മാണ പദ്ധതി)

കൈത്തറി വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് 9

കൈത്തറി സംഘങ്ങളും ഒരു യാൺ ബാങ്കും പ്രളയത്തിൽ അകപ്പെട്ടു. പ്രളയത്തിന്റെ സാമ്പത്തിക നഷ്ടം വിലയിരുത്തുന്നതിനായി വ്യവസായ വകുപ്പിലെ വിദഗ്ദർ ഈ പ്രദേശം സന്ദർശിച്ച് നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി. തുടർന്ന് പ്രളയപ്രദേശത്തെ എം.എൽ.എ. മാർ, ജില്ലാ ഭരണകൂടം, വ്യവസായ വകുപ്പ് ഉദ്യോഗസ്ഥർ, കൈത്തറി സംഘ പ്രതിനിധികൾ എന്നിവരുമായി കൂടിയാലോചന നടത്തി സർക്കാർ തലത്തിൽ യോഗങ്ങൾ ചേരുകയും ടി സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. സർക്കാർ പദ്ധതിയിലും സി.എസ്.ആർ ഫണ്ടിലൂടെയും ലഭിക്കുന്ന ധനസഹായത്തോടെ ഈ മേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള തീരുമാനം കൈകൊള്ളുകയും 10/10/2018-ലെ സ.ഉ.(സാധാ) നമ്പർ 82/18/വ്യവ പ്രകാരം ജില്ലാതലത്തിൽ ഇതിലേക്കായി ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായി. പ്രളയക്കെടുതിയിൽ കൈത്തറി മേഖലയിൽ 2018-ൽ 2.84 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. ഇതിൽ ഉപയോഗയോഗ്യമായ തുണിത്തരങ്ങൾ വൃത്തിയാക്കി വിപണിയിലെത്തിച്ചു. 255 തറികൾ പ്രവർത്തനക്ഷമമാക്കി. ഈ പ്രദേശത്ത് നെയ്ത്തിന് മുന്നൊരുക്കം നടത്തുന്നതിനായി ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി 2.35 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകുകയും 2019-20 സാമ്പത്തിക വർഷം ഇതിലേക്കായി സർക്കർ വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൊച്ചിൻ ഷിപ്പ്-യാർഡ്, വിവിധ NGO കൾ തുടങ്ങിയവരുടെ ധനസഹായത്താൽ പുനരുദ്ധാരണം നടത്തുകയും ഇവരുടെ നിർലോഭമായ സഹായങ്ങൾ ലഭിച്ചതിനെ തുടർന്ന് കേടുപാടുകൾ പറ്റിയ എല്ലാ തറികളും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ ഖാദി ഉത്പാദന കേന്ദ്രങ്ങൾ, വില്പന ശാലകൾ, എന്റെ ഗ്രാമം പദ്ധതി, പി.എം.ഇ.ജി.പി പദ്ധതി തുടങ്ങിയവ പ്രകാരം വായ്പയെടുത്ത് ആരംഭിച്ചിട്ടുള്ള യൂണിറ്റുകൾക്കും സഹകരണ സ്ഥാപനങ്ങൾക്കും 2018 വർഷത്തെ പ്രളയത്തിൽ ഖാദി വ്യവസായ മേഖലയിൽ ആകെ 4556.09 ലക്ഷം രൂപയുടെ നാശംനഷ്ടം സംഭവിച്ചിട്ടുണ്ട്. എറണാകുളം ജില്ലാ പഞ്ചായത്തിൽ നിന്നും 8 ലക്ഷം രൂപ അടിയന്തര ധനസഹായം അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗപ്പെടുത്തികൊണ്ട് എറണാകുളത്തെ കരിമ്പാടം നെയ്ത്ത് കേന്ദ്രത്തിൽ 14 തറികളും 20 റാട്ടുകളും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങുകയും ഖാദി ഉല്പാദന യൂണിറ്റ് പുനരാരംഭിക്കുകയും ചെയ്തു. ഗാന്ധി സ്മാരക സേവാ കേന്ദ്രം നന്ത്യാട്ടുരത്ത്, നോർത്ത് പറവൂർ എന്ന ഖാദി സ്ഥാപനത്തിന് കൊച്ചിൻ ഷിപ്യാർഡ്..കൊച്ചിൻ റിഫൈനറി, സ്വാമിനാഥൻ ഫൗണ്ടേഷൻ എന്നീ സ്ഥാപനങ്ങളിലൂടെ CSR ഫണ്ടിൽ നിന്നും 21.10 ലക്ഷം 6.08 ലക്ഷം, 5.57 ലക്ഷം എന്ന ക്രമത്തിൽ ആകെ 32.75 ലക്ഷം രൂപ പുനരുദ്ധാരണത്തിനായി അനുവദിക്കുകയും ടി സ്ഥാപനങ്ങൾ പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ പുനർജനി എന്ന പേരില Floof Relief Scheme നടപ്പാക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം പ്രളയത്തിൽ നാശനഷ്ടങ്ങൾ നേരിട്ട വ്യവസായ സ്ഥാപനങ്ങളുടെ അപേക്ഷ പരിഗണിച്ച് 20 ലക്ഷം രൂപ മുതൽ 300 ലക്ഷം രൂപ വരെ 9% പലിശ നിരക്കിൽ ഹ്രസ്വകാല വായ്പ അനുവദിക്കുന്നതിനുള്ള തീരുമാനം കൈകൊണ്ടു. കോർപ്പറേഷനിൽ നിന്നും വായ്പ സ്വീകരിക്കുകയും പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിക്കുകയും ചെയ്തിട്ടുള്ള കമ്പനികൾക്ക് വായ്പ തിരിച്ചടവിനു ഒരു വർഷം വരെ അവധി നൽകുകയും ഒരു വർഷത്തെ പിഴപ്പലിശ (2%) ഒഴിവാക്കി നൽകുകയും വ്യവസായികളുടെ അപേക്ഷ പരിഗണിച്ച് വായ്പ തിരിച്ചടവ് പുന:ക്രമീകരിച്ചു കൊടുക്കുകയും ചെയ്തു.

സെക്ഷൻ ഓഫീസർ

ജക/30/10/19